സാഹിത്യവാരഫലം

1985/04/28 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2020, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1985/04/28-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.



യേശു അവരോടു മറ്റൊരു ദൃഷ്ടാന്തരൂപ കഥ പറഞ്ഞു: “സ്വർഗ്ഗരാജ്യം ഇതു പോലെയാണ്. ഒരുത്തൻ വയലിൽ നല്ല വിത്തു വിതച്ചു. ഒരു ദിവസം രാത്രി എല്ലാവരും ഉറക്കമായിരുന്നപ്പോൾ ഒരു ശത്രു വന്ന് ഗോതമ്പിനിടയിൽ കള വിതച്ചിട്ട് പൊയ്ക്കളഞ്ഞു. ചെടികൾ വളർന്നു ധാന്യശീർഷകങ്ങൾ ഉണ്ടായപ്പോൾ കളകളും പ്രത്യക്ഷങ്ങളായി. അയാളുടെ പരിചാരകർ വന്നു പറഞ്ഞു: ‘പ്രഭോ, അങ്ങ് വയലിൽ നല്ല വിത്താണു വിതച്ചത്. കളകൾ എവിടെ നിന്ന് വന്നു?’ അയാൾ മറുപടി നൽകി: ‘ഏതോ ശത്രു ചെയ്തതാണിത്.’ അവർ ചോദിച്ചു: ‘ഞങ്ങൾ ചെന്ന് കളപറിച്ച് കളയണോ.’ അയാൾ പറഞ്ഞു: ‘വേണ്ട. കളപറിക്കുമ്പോൾ നിങ്ങൾ ഗോതമ്പുചെടികളും പിഴുതെടുത്തെന്ന് വരും. കൊയ്ത്തുകാലം വരെ ഗോതമ്പും കളകളും ഒരുമിച്ച് വളരട്ടെ. അപ്പോൾ ഞാൻ കൊയ്ത്തുകാരോടു പറയാം കളകൾ ആദ്യം പറിച്ചെടുത്ത് ഒരുമിച്ചുകെട്ടി കരിച്ചുകളയാൻ; എന്നിട്ട് ഗോതമ്പു എന്റെ അറപ്പുരയിൽ ഇടാനും”. (മാത്യു 13:24— തർജ്ജമ സ്വന്തം). മനോഹരമായ ഈ ഹിതോപദേശ കഥയ്ക്ക് ഏതോ പ്രതിഭാശാലി വിഭിന്നമായ പര്യവസാനം നൽകിയിട്ടുണ്ട്. അതിങ്ങനെ:

പരിചാരകർ ഒരുമിച്ചുകൂടി. അവർ പറഞ്ഞു: “ഇപ്പോൾ കള പറിക്കുന്നതാണ് നല്ലത്. പക്ഷേ, ഉടമസ്ഥൻ തെറ്റു പറഞ്ഞാലും നമ്മൾ അനുസരിക്കണമല്ലോ. ഇതിനിടയ്ക്ക് ആരാണ് ശത്രുവെന്ന് നമുക്കു കണ്ടുപിടിക്കാം. അവർ അന്വേഷണം തുടങ്ങി. പക്ഷേ, കുറ്റക്കാരനെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അപ്പോൾ ഒരു പരിചാരകൻ വന്ന് പ്രധാനപ്പെട്ട പരിചാരകനോടു പറഞ്ഞു: “ക്ഷമിക്കണം. ഈ രഹസ്യം എനിക്കിനി ഒളിച്ചു വയ്ക്കാൻ കഴിയില്ല. കള വിതച്ച ശത്രു ആരാണെന്ന് എനിക്കറിയാം. വിതയ്ക്കുന്ന സമയത്ത് ആളിനെ ഞാൻ കണ്ടു. എന്റെ അടുത്തുകൂടെത്തന്നെയാണ് ആ മനുഷ്യൻ പോയത്. അയാൾ എന്നെ തിരിച്ചറിഞ്ഞില്ല; ഞാൻ അറിയുകയും ചെയ്തു”. ക്ഷോഭത്തോടു കൂടി പ്രധാനപ്പെട്ട പരിചാരകൻ ചോദിച്ചു: “ആരാണ് അയാൾ? എന്നോടു വേഗം പറയൂ. അയാൾക്ക് ശിക്ഷ നൽകട്ടെ ഞാൻ”. പരിചാരകൻ തലതാഴ്ത്തി വളരെ പതുക്കെ പറഞ്ഞു: “ഉടമസ്ഥൻ തന്നെയാണ് അത് ചെയ്തത്”. ആ രഹസ്യം പുറത്തു പറയേണ്ടതില്ലെന്നു രണ്ടുപേരും തീരുമാനിച്ചു.

സാഹിത്യക്ഷേത്രത്തിൽ പാഴ്ചെടികൾ ധാരാളം വളർന്നുനിൽക്കുന്നോ? ഉണ്ട്. എങ്കിൽ അതിനു കാരണക്കാർ സാഹിത്യം രചിക്കുന്നവർ തന്നെയാണ്. സമുദായമാകെ ജീർണ്ണിച്ചതുകൊണ്ട് സമുദായത്തിന്റെ പ്രതിധിയായ സാഹിത്യകാരൻ ജീർണ്ണിച്ച മട്ടിൽ സാഹിത്യം സൃഷ്ടിക്കുന്നു എന്ന് കരുതേണ്ടതില്ല. കളവിതച്ചിട്ട് അയാൾ അക്കാര്യം രഹസ്യമായി വയ്ക്കുന്നു. അതുകണ്ട ആളുകൾ രഹസ്യം ഒളിച്ചു വയ്ക്കുകയല്ല വേണ്ടത്. ഗോതമ്പുവയലിൽ കളവിതയ്ക്കുന്നവന്റെ മുഖത്തു നോക്കി “ആ മനുഷ്യൻ നീ തന്നെ” എന്നു ഉറക്കെപ്പറയണം. അതിനു മടിക്കരുത്. “ചിത്തം ചലിപ്പതിനു ഹേതു മുതിർന്നുനിൽക്കെ നെഞ്ചിൽ കലുക്കമെവനില്ലവനാണു ധീരൻ”.

പണത്തിന്റെ ഭാഷ


ഇ. എഫ്. ഷുമാഹർ

ജീവിതത്തെസ്സംബന്ധിച്ച് അധമവും സങ്കുചിതവും ആയ വീക്ഷണഗതിയുള്ള പലരേയും നമുക്കറിയാം. അവർ എപ്പോഴും സ്വാർത്ഥത്തെ മുൻനിർത്തി പര്യാലോചന ചെയ്യുന്നവരാണ്. എന്നും സ്വായത്തമാക്കുക എന്നതാണ് അക്കൂട്ടരുടെ ലക്ഷ്യം. അവർ പണം സമ്പാദിച്ചു കൂട്ടുന്നു; വസ്തുക്കൾ വാങ്ങിക്കുന്നു; ഒരു ബന്ധു വസ്തുക്കളിൽ തല്പരനല്ലെങ്കിൽ അവന്റെ ‘വക’യും പിടിച്ചെടുക്കുന്നു. ഇങ്ങനെയുള്ളവരുടെ വീട്ടിലേക്കൊന്നു കയറൂ. ഈട്ടിയും തേക്കും കൊണ്ടുള്ള ഫർണിച്ചർ. അവയുടെ ആധിക്യം കൊണ്ട് നമുക്കു കാലു തട്ടാതെ നടക്കാൻ ഒക്കുകയില്ല. സ്റ്റീൽ പാത്രങ്ങളുടെ ബഹളം. സേഫിനകത്ത് കറൻസിനോട്ടും സ്വർണ്ണവും വെള്ളിയും നിറഞ്ഞിരിക്കും. മുൻവശത്തേക്കു നോക്കു. കാറ്, സ്കൂട്ടർ, മോട്ടോർസൈക്കിൾ, ബൈസിക്കിൾ. എനിക്കറിയാവുന്ന ഒരാളിനു മൂന്നു കാറുണ്ട്. ഫിയറ്റിൽ സായാഹ്നസവാരി. ഭാര്യയ്ക്ക് ഓടിക്കാൻ ആ കാറാണ് സൗകര്യം. ഓഫീസിൽ പോകാൻ അംബാസിഡർ. അതാണ് അന്തസ്സ്. മകനു കൊണ്ടു പോകാൻ മാരുതി. ഇവയ്ക്കു പുറമേയാണ് സ്കൂട്ടറും മറ്റും. ഇവർക്കു ഇ. എഫ്. ഷുമാഹറുടെ enough—മതി—എന്ന സിദ്ധാന്തം മനസ്സിലാവില്ല. ‘ചെറുതാണു സുന്ദരം’—Small is beautiful— എന്നതും ഗ്രഹിക്കാനാവില്ല. (E. F. Schumacher ജർമ്മനിയിൽ ജനിച്ചു. അദ്ദേഹത്തിന്റെ പേര് ഷുമാഹർ എന്നാണ്. ഷുമേക്കർ എന്നു കലാകൗമുദിയിൽ എഴുതിയിരുന്നത് ശരിയല്ല). ഈ രീതിയിൽ കൊതിയാർന്ന ഒരു സ്ത്രീയെയാണ് ബി. മാധവമേനോൻ “മനസ്സിലാകുന്ന ഭാഷ”യിൽ അവതരിപ്പിച്ചിട്ടുള്ളത്. അവർക്കു മനസ്സിലാകുന്ന ഭാഷ പണത്തിന്റെ ഭാഷയാണ്. ദാമ്പത്യജീവിതത്തിന്റെ മൂല്യങ്ങളെ നിരാകരിച്ച് പണത്തിന്റെ മൂല്യത്തിനുവേണ്ടി ജീവിച്ച അവർക്ക് തിരിച്ചടി കിട്ടുന്നു. അന്യദേശത്ത് ജോലിക്കുപോയ മരുമകൻ (മകളുടെ ഭർത്താവ്) പണം മുറയ്ക്ക് അയയ്ക്കുന്നു. നാട്ടിൽ ഭാര്യയെ കാണാൻ, കുഞ്ഞിനെ കാണാൻ വരുന്നില്ല. മകളുടെ ദുഃഖം കണ്ടപ്പോൾ ജീവിതത്തെക്കുറിച്ച് തനിക്കുള്ള മാനസികനില തെറ്റാണെന്ന് അവർ മനസ്സിലാക്കുന്നു. ആശയത്തിന്റെ ചാരുതയുള്ള ഭേദപ്പെട്ട കഥ (കഥ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ).

കെ. പി. ശങ്കരന്റെ അനുഭാവം

“ഇതിൽ വല്ല മേനിപറച്ചിലും ഉള്ളതായി ‘അമ്പലമണി’ അനുഭാവപൂർവ്വം പരിശോധിക്കുന്ന ആർക്കും തോന്നുകയില്ല” എന്ന വാക്യം കെ. പി. ശങ്കരന്റേതാണ്. മാതൃഭൂമി ആഴ്ചപ്പതിപ്പിലെ ഒരു ലേഖനത്തിൽ കണ്ടതുമാണ്. അനുഭാവം എന്ന് ലേഖകൻ പ്രയോഗിച്ചത്, ‘മനസ്സലിവോടെ, അനുകമ്പയോടെ’ എന്ന അർത്ഥത്തിലാണെങ്കിൽ അത് ‘സാധു സാധു’ എന്നു ‘ബഹുശഃ പ്രഘോഷിക്കാൻ’ വയ്യ. ‘അനുഭാവഃ പ്രഭാവേ ച സതാം ച മതിനിശ്ചയഃ’ എന്ന് അമരം. പ്രഭാവത്തിന്റെയും (തേജസ്സിന്റെയും), സജ്ജനങ്ങളുടെ ബുദ്ധിനിശ്ചയത്തിന്റേയും പേരാണ് അത്. ഭയം തുടങ്ങിയ മനോവികാരങ്ങളെ പുറത്തേക്ക് അറിയിക്കുന്ന ചേഷ്ടാവിശേഷത്തിന്റെയും പേരാണ് അനുഭാവം (അനുഭാവഃ). “അനുഭാവ വിശേഷാത്തു സേനാപരിവൃതാവിവ” എന്ന് രഘുവംശത്തിൽ (സർഗ്ഗം 1, ശ്ലോകം 35). “അധൃഷ്യത തോന്നിക്കുന്ന തേജോവിശേഷമത്രേ അനുഭാവം” എന്ന് കുട്ടിക്കൃഷ്ണമാരാർ. ഇനി പത്രക്കാർക്ക് പറയാം “മന്ത്രി അനുഭാവപൂർവ്വം മറുപടി നൽകി”യെന്ന്. അതുകൊണ്ട് കെ. പി. ശങ്കരനും പറയാം. അദ്ദേഹം അധ്യാപകനാണെങ്കിലും ഏറിയ കൂറും പത്രഭാഷയിൽ പ്രബന്ധങ്ങൾ എഴുതുന്ന ആളാണല്ലോ. ഇനി ഇതിനു മറുപടിയായി ‘ശബ്ദതാരാവലി’യിൽ അനുഭാവത്തിന് ഉള്ളഴിഞ്ഞ കാരുണ്യം എന്ന് അർത്ഥം നൽകിയിരിക്കുന്നതായി ആരും ചൂണ്ടിക്കാണിക്കരുതേ. ശബ്ദതാരാവലി പ്രാമാണിക ഗ്രന്ഥമല്ല.

യൗവനം


സക്കറിയ

‘വാർദ്ധക്യം വരുന്നത് കേൾക്കാൻ സാധിച്ചില്ലെങ്കിൽ വാതിലടച്ച് സാക്ഷയിട്ടിട്ട് “വീട്ടിലില്ല” എന്ന് പറയാമായിരുന്നു’—ഈ അർത്ഥത്തിൽ ഒരു ജപ്പാനീസ് കവിത ഞാൻ വായിച്ചിട്ടുണ്ട്. വാതിലിൽ തട്ടുന്നത് കേൾക്കുമ്പോൾ അത് തുറന്ന് നോക്കി. വാർദ്ധക്യമല്ല, യൗവനം തേജസ്സാർന്ന് നിൽക്കുന്നു, എന്റെ മുൻപിൽ. പ്രശസ്തനായ കഥാകാരൻ സക്കറിയ. ആകൃതി സൗഭഗത്താൽ അനുഗൃഹീതനാണ് അദ്ദേഹം. ഞാനാദ്യം പറഞ്ഞു “പടത്തിൽ കാണുന്നതുപോലെയല്ലല്ലോ ആള് നേരിട്ട് കാണാൻ”. കൂടെയുണ്ടായിരുന്ന എസ്സ്. ജയചന്ദ്രൻ നായർ പറഞ്ഞു, ‘സുമുഖൻ, അല്ലേ?” “അതേ” എന്നു ഞാൻ. സുജനമര്യാദയുടേയും വിനയത്തിന്റേയും പ്രതിരൂപമാണ് സക്കറിയ. ഞങ്ങൾ മൂന്നുപേരും പല വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. സക്കറിയയ്ക്കും ജയചന്ദ്രൻ നായർക്കും ഏതു വിഷയത്തെ സംബന്ധിച്ചും മൗലികമായി പലതും പറയാനുണ്ട്. ഹൈൻറിഹ് ബോയ്ൽ, താരിഖ് അലി, ഒ. വി. വിജയൻ ഇവരുടെ സംഭാവനകളെ അവർ വിലയിരുത്തി. അപ്പോൾ സക്കറിയ പറഞ്ഞു: ‘വിജയന്റെ “ധർമ്മപുരാണം” റിവൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്താൻ പോകുന്നു. വെരി ഗ്രേറ്റ് എന്നു വേണം ആ നോവലിനെ വിശേഷിപ്പിക്കാൻ’. റിവിഷനിൽ മഹനീയത കൈവരിക്കുമെന്ന് ഞാൻ വിചാരിച്ചു. പുതുമ പഴമയാകുമ്പോൾ പഴമയ്ക്ക് നവീകരണം നൽകാം. അപ്പോൾ പഴമ പുതുമയാകും.ആ നവീനത വൈക്കം മുഹമ്മദ് ബഷീറിനുമുണ്ടെന്നാണ് സക്കറിയയുടെ മതം. ബഷീറിന്റെ “പാത്തുമ്മയുടെ ആട്” ചേതോഹരവും ഉജ്ജ്വലവും ആണെന്ന് അദ്ദേഹം പറഞ്ഞു. രണ്ടുമണിക്കൂർ നേരത്തെ സംഭാഷണത്തിനു ശേഷം ആ നല്ല സുഹൃത്തുക്കൾ യാത്ര പറഞ്ഞു. ശൂന്യത. വാർദ്ധക്യം വീണ്ടും വാതിലിലെത്തി യൗവനത്തെ കാത്തു നിൽക്കുകയാണ്. കൈയിൽ കുങ്കുമം വാരികയുണ്ട്. ബഷീറുമായി, വൈക്കം ചന്ദ്രശേഖരൻ നായരും ഡോക്ടർ എം. എം. ബഷീറും നടത്തിയ ഇന്റർവ്യൂവിന്റെ റിപ്പോർട്ടുണ്ട് ആർ. പവിത്രന്റേതായി. വായിച്ചു. ഒട്ടാകെ രസമുണ്ട്, ബഷീറിന്റെ അഭിപ്രായങ്ങളറിയാൻ.

ഗഹനമായി ചിന്തിക്കുന്ന മനുഷ്യൻ അന്തരീക്ഷത്തിലേക്ക് നോക്കുന്നു. ലജ്ജാവതിയായ നവവധു താഴത്തേക്ക് നോക്കുന്നു. സാഹിത്യത്തെക്കുറിച്ച് വിചാരിക്കുമ്പോഴൊക്കെ ഇതെഴുതുന്ന ആൾ പടിഞ്ഞാറോട്ട് നോക്കുന്നു. ആദ്യത്തെ രണ്ടും ശരിയാണെങ്കിൽ മൂന്നാമത്തേതും ശരി.

പാപകർമ്മം

ജനങ്ങൾ തിരഞ്ഞെടുത്തയച്ചവർ മന്ത്രിമാരാകുമ്പോൾ അധികാരഗോപുരത്തിന്റെ അഗ്രത്തിൽ കയറിയിരിക്കുന്നു. അവരെക്കാണാൻ ജനങ്ങൾക്ക് കഴിയുന്നില്ല. ഗോപുരാഗ്രത്തിൽ ഇരുന്നുകൊണ്ട് അവർ ദിവസവും കള്ളം പറയുന്നു. ആ കള്ളമൊക്കെ സത്യമാണെന്ന് കുറേപ്പേരെങ്കിലും വിശ്വസിക്കുന്നുണ്ട്. സ്ത്രീകൾ അഹങ്കരിക്കുന്നു (പുരുഷന്മാരും അഹങ്കരിക്കുന്നുണ്ടെങ്കിലും അഹങ്കരിക്കുന്ന സ്ത്രീ കാരിക്കേച്ചറാണ്). കാമുകിയും കാമുകനും, ഭാര്യയും ഭർത്താവും, ബസ്സിലും, ടൈനിലും, പാതവക്കത്തും വച്ച് കാമാവേശം പ്രകടിപ്പിക്കുന്നു. അടിയും ഇടിയും കൊലപാതകവും സർവ്വസാധാരണം. സന്ധ്യയ്ക്കു ശേഷം ഒരു സ്ത്രീക്കും പട്ടണത്തിൽ ഒറ്റയ്ക്ക് പോകാൻ വയ്യ. ബസ്സ്റ്റോപ്പിൽ ബസ്സ് കാത്ത് തനിച്ച് നിൽക്കുന്ന സ്ത്രീയെ ആഭാസന്മാർ വളയുന്നു. മുൻപെങ്ങുമില്ലാത്ത വിധത്തിൽ കൊതി പ്രത്യക്ഷപ്പെടുന്നു. കടയുടമസ്ഥൻ വിൽക്കുന്ന സാധനങ്ങൾക്കു തോന്നിയ വില വാങ്ങുന്നു. കരുതിക്കൂട്ടി വഞ്ചിക്കുന്നു. ഇങ്ങനെ എത്രയെത്ര പാപങ്ങൾ. സംഘം ചേർന്നു പാപം ചെയ്യുന്നവരും ധാരാളം. സാഹിത്യം രചിച്ച ആളുകളെ കുത്സിതമാർഗ്ഗത്തിൽ വീഴ്ത്തുന്നവർ ഈ ഗ്രൂപ്പിൽപ്പെടുന്നു. അവരിൽ ഒരാളാണു വഴിത്തല രവി. മനോരാജ്യം വാരികയിൽ അദ്ദേഹമെഴുതിയ “ഒടുവിൽ ഒരു ദിവസം” എന്ന കഥ വായിച്ചപ്പോഴാണു എനിക്കങ്ങനെ തോന്നിയത്. ബി. എ. പരീക്ഷ ജയിച്ചവളെ വിവാഹം കഴിക്കാനെത്തിയ ഒരുത്തനെ അവൾ ആട്ടിയോടിച്ചു. വർഷങ്ങൾ കഴിഞ്ഞു അയാൾ ഉന്നതസ്ഥാനത്തു എത്തുമ്പോൾ അവൾ ജോലി വേണമെന്നു പറഞ്ഞു അയാളുടെ അടുക്കലെത്തി. ആദ്യം അവളെ സംശയത്തിലേക്കു എറിഞ്ഞിട്ടു അയാൾ ജോലി കൊടുക്കുന്നു. ദൈനംദിന ജീവിതത്തിലെ അനുഭവത്തെ തീക്ഷ്ണമാക്കുമ്പോഴാണു കലയുടെ ആവിർഭാവം. സാധാരണത്വത്തിൽ അസാധാരണത്വം കാണുന്നവനാണു കലാകാരൻ. അങ്ങനെയുള്ള കാഴ്ചയൊന്നും ശക്തനല്ല വഴിത്തല രവി. ശക്തനല്ലെന്നു മാത്രമല്ല അരോഗാവസ്ഥയെ രോഗാവസ്ഥയാക്കാൻ വിരുതനുമാണ് അദ്ദേഹം. പാപാധിഷ്ഠിതമായ ഒരു “ഗ്രൂപ്പ്തിങ്കിങ്ങി”ന്റെ വക്താവാണു അദ്ദേഹം. മറ്റുള്ളവരുടെ പേരുകൾ ഇപ്പോൾ പറയുന്നില്ല. എന്റെ ശത്രുക്കളുടെ സംഖ്യ ക്രമേണ കൂട്ടിയാൽ മതിയല്ലോ.


ഫ്രാങ്ക് വേഡകിന്റ്

ജർമ്മൻ കവിയും നാടകകർത്താവുമായ ഫ്രാങ്ക് വേഡകിന്റിന്റെ (Frank Wedekind, 1864–1918) മാസ്റ്റർപീസാണു മാർക്വിസ് ഒഫ് കീത്ത് എന്ന നാടകം. മാർക്വിസ് ഒഫ് കീത്ത് എന്നു സ്വയം പേരു സ്വീകരിച്ച ഒരു കള്ളന്റെ കഥ പറഞ്ഞു ഇടത്തരം വർഗ്ഗത്തിന്റെ ജീവിത വിജയത്തെ പരിഹസിക്കുകയാണു വേഡകിന്റ്. രണ്ടു പേർ തമ്മിൽ സംസാരിക്കുമ്പോൾ ആരും മറ്റേയാൾ പറയുന്നതു ശ്രദ്ധിക്കാറില്ല എന്നതു ഇപ്പോഴത്തെ ഒരാശയമാണ്. ആ ആശയം നാടകകർത്താവു ഇങ്ങനെ ആവിഷ്കരിക്കുന്നു:

മോളി: അപ്പോൾ നിങ്ങൾ ബ്യൂക്ബർഗ്ഗിൽ വരുന്നില്ലേ?
കീത്ത്: (ചുരുട്ടിയെടുത്ത പ്ലാനെല്ലാം ഭുജത്തിനു താഴെ വച്ചിട്ട് നടുക്കുള്ള മേശമേൽ നിന്നു ഹാറ്റെടുത്ത് തലയിൽ ചരിച്ചുവയ്ക്കുന്നു) അയാളെങ്ങനെ വിഷയാസക്തനാകാൻ പോകുന്നു എന്നത് എനിക്കു ആലോചിക്കാതിരിക്കാനേ വയ്യ (തിടുക്കത്തിൽ പോകുന്നു).

ഒരാൾ മറ്റൊരാൾ പറയുന്നത് ശ്രദ്ധിക്കുന്നില്ല എന്ന ആശയം വേഡകിന്റ് ഭംഗിയായി ആവിഷ്കരിക്കുന്നു. ക്ഷുദ്രങ്ങളായ കഥകൾ എഴുതുന്ന നമ്മുടെ ആളുകൾക്കു ഒരാശയവും പകർന്നുതരാനില്ല (വേഡകിന്റിന്റെ നാടകത്തോടു ബന്ധപ്പെട്ട ആശയത്തിനു മാർട്ടിൻ എസ്ലിനോടു കടപ്പാട്).

ദാസ്യം


പീറാന്തെല്ലോ

വ്യക്തികൾ മരിക്കും, കഥാപാത്രങ്ങൾ മരിക്കുകയില്ല എന്ന ആശയം പ്രചരിപ്പിച്ചത് ഇറ്റലിയിലെ മഹാനായ നാടകകർത്താവു പീറാന്തെല്ലോയാണ്. ഭാവനയുടെ സന്താനമായ കഥാപാത്രം നാടകത്തിലൂടെ ചിരം ജീവിയായിത്തീരുന്നു. ഈ ലോകത്തെ വ്യക്തി കുറച്ചുകാലം മാത്രമേ ജീവിക്കുന്നുള്ളൂ (“Six Characters in Search of an author” എന്ന തന്റെ ഉജ്ജ്വലമായ നാടകത്തിനു പീറന്തെല്ലോ എഴുതിയ അവതാരിക നോക്കുക). ഈ വിചാരത്തിന് അനുരൂപമായ മട്ടിൽ അദ്ദേഹം A Character in Distress എന്നൊരു ചെറുകഥയും എഴുതിയിട്ടുണ്ട്. ഒരു ദിവസം ഗ്രന്ഥകാരൻ—പീറാന്തെല്ലോ —രോഗം ഭേദമായി ആരോഗ്യം വീണ്ടെടുക്കുന്ന കാലത്തു ഒരു കഥാപാത്രം അദ്ദേഹത്തെ കാണാൻ വന്നു. Old Music എന്നൊരു ചെറുകഥ അദ്ദേഹം എഴുതിയിരുന്നു. അതിൽ നിഗ്രഹിക്കപ്പെട്ട കഥാപാത്രമാണു അയാൾ. കാതരമായ മന്ദഹാസത്തോടു കൂടി ആ കഥാപാത്രം പീറാന്തെല്ലോയുടെ മുറിയിലെത്തി ചോദിച്ചു: “May I? ...If you don’t mind...” അദ്ദേഹം മറുപടി നൽകി: “Yes do come in my dear little old man”.

ഇതൊക്കെ പല പരിവൃത്തി കണ്ട ഞങ്ങളെ ബാലകൃഷ്ണൻ മാങ്ങാട്ട് “കഥ ഇതുവരെ” എന്ന ചെറുകഥയെഴുതി ഉപദ്രവിക്കേണ്ടിയിരുന്നില്ല. കഥാകാരന്റെ കഥാപാത്രമായ ഒരു പെണ്ണ് അദ്ദേഹത്തിന്റെ മറ്റൊരു കഥാപാത്രമായ യുവാവിനെ ഭൂമിയിലേക്കിറങ്ങി കാണുന്നു, അയാളോടു സംസാരിക്കുന്നു. അവൻ നല്ലവനല്ലെന്നു കഥാകാരൻ അവളോടു പറഞ്ഞിട്ടും അവൾ കൂട്ടാക്കുന്നില്ല. “ഉള്ളിൽ കൊടുങ്കാറ്റുയർത്തിവിട്ടു എല്ലാം കശക്കിയെറിഞ്ഞു ചവിട്ടി മെതിച്ച്” അവൾ നടന്നു പോകുമ്പോൾ കഥാകാരൻ വധം നടത്താൻ തീരുമാനിച്ചു. പെണ്ണിനെ കൊല്ലണമോ അതോ ആണിനെ കൊല്ലണമോ എന്നതിലേ അദ്ദേഹത്തിനു സംശയമുള്ളു. എന്തൊരു ദാസ്യം! എന്തൊരു ഹീനമായ ദാസ്യം! (കഥ ‘കലാകൗമുദി’യിൽ).

ശബ്ദഭേദി, ലക്ഷ്യവേധി

ദശരഥൻ യുവാവായിരുന്ന കാലത്തു വനത്തിൽ വേട്ടയാടി നടന്നപ്പോൾ അകലെ ആന വെള്ളം കുടിക്കുന്ന രീതിയിലുള്ള ശബ്ദം കേട്ടു. ശബ്ദഭേദിയായ അസ്ത്രം അദ്ദേഹം അയച്ചു. മനുഷ്യ വിലാപം കേട്ടു അദ്ദേഹം ചെന്നു നോക്കിയപ്പോൾ ഒരു മുനികുമാരൻ അമ്പേറ്റു പിടയ്ക്കുന്നതു കണ്ടു. അച്ഛനമ്മമാർക്കു വേണ്ടി കുടത്തിൽ വെള്ളം മുക്കിയെടുത്തപ്പോൾ ഉണ്ടായ ശബ്ദമാണു ആനയുടെ ജലപാനനിസ്വനമായി ദശരഥൻ തെറ്റിദ്ധരിച്ചത്. ഉള്ളൂരിന്റെ സാങ്കല്പികങ്ങളായ ഡയറിക്കുറിപ്പുകളെഴുതിയാണ് അദ്ദേഹം ഇതനുഷ്ഠിക്കുന്നത്. ഒരുദാഹരണം “എന്റെ സാഹിത്യ ചരിത്രത്തിലെ ഏതാനും പേജുകൾ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്താൽ പി. എച്ച്. ഡി. ലഭിക്കുമോ?”

(സാങ്കല്പിക ഡയറിക്കുറിപ്പിൽ, ജി. ശങ്കരക്കുറുപ്പ് ‘നിമിഷം’ എന്ന കവിതയെഴുതിയതിന്റെ പേരിലാണ് സർക്കാർ നടപടിയെടുത്തതെന്നു കാണിച്ചിരിക്കുന്നു. അതു തെറ്റ്. ‘നാളെ’ എന്ന കവിത രചിച്ചതിന്റെ പേരിലായിരുന്നു കേസ്സ്.)

ഷാക്ക് മൊണൊ

1965-ൽ നോബൽ സമ്മാനം നേടിയ ഫ്രഞ്ച് മോളിക്യുലർ ബയോളജിസ്റ്റ് ഷാക്ക് മൊണോയുടെ Chance and Necessity എന്ന പുസ്തകം വായിച്ചു.


ഷാക്ക് മൊണോ

പ്രപഞ്ചത്തിന്റെ നേർക്കു കണ്ണു തുറന്ന നമ്മുടെ പൂർവികർ വിചാരിച്ചില്ല അവർ അന്യരാണെന്ന്. നമുക്ക് എന്നു തോന്നുന്ന നമ്മൾ അന്യരാണെന്ന്. നമുക്ക് അങ്ങനെ തോന്നാനുള്ള കാരണങ്ങൾ പൂർവികർക്ക് ഇല്ലായിരുന്നു. അവർ ആദ്യം കണ്ടത് മൃഗങ്ങളേയും ചെടികളെയുമാണ്. ചെടികൾ വളരുന്നു. മൃഗങ്ങൾ ഇരയുടെ പിറകേ പാത്തും പതുങ്ങിയും പോകുന്നു. ശത്രുക്കളെ ആക്രമിക്കുന്നു. സന്തതികൾക്ക് ആഹാരം നല്കുന്നു. അവയെ രക്ഷിക്കുന്നു. പെണ്ണിനെ കൈക്കലാക്കാൻ ആണ് സമരം ചെയ്യുന്നു. ചെടികൾക്കും മൃഗങ്ങൾക്കും ലക്ഷ്യമുണ്ട്; ജീവിക്കുക, സന്തതികളിലൂടെ ജീവിച്ച് മരണത്തെ തോല്പിക്കുക എന്ന ലക്ഷ്യം. പൂർവികർ പാറകളും നദികളും കണ്ടു. മിന്നലും മഴയും ദർശിച്ചു. അവയ്ക്ക് അസ്തിത്വമുള്ളതുകൊണ്ട് അവയ്ക്കും ലക്ഷ്യമുണ്ടെന്ന് അവർ കരുതി. നദിയുടെ അടിത്തട്ടിലും പർവതാഗ്രത്തിലും എന്തോ ശക്തി വിശേഷം പ്രവർത്തിക്കുന്നുണ്ട്. സർവ്വ വസ്തുക്കളെയും ആനിമേറ്റ് ചെയ്യുന്ന—ഉത്തേജിപ്പിക്കുന്ന— ശക്തിവിശേഷം. ഇതാണ് ആനിമിസം എന്ന സിദ്ധാന്തം. തന്റെ കേന്ദ്ര നാഡീവ്യൂഹത്തിന്റെ ചലനങ്ങളെ മനുഷ്യൻ അചേതനമായ പ്രകൃതിയിൽ അധ്യാരോപം ചെയ്യുമ്പോൾ ‘ആനിമിസം’ എന്ന അവാസ്തവികത്വം ജനിക്കുന്നു. മാർക്സിന്റെയും എംഗൽസിന്റെയും ഡയലക്ടിക്കൽ മെറ്റീരിയലിസം ഈ വിധത്തിൽ ഒരു ആനിമിസമാണെന്ന് ഷാക്ക് മൊണോ വാദിക്കുന്നു. ജീവന്റെ ഉല്പത്തികാരണം ആകസ്മികത്വമാണെന്നും (Chance) അതിന് സാമാന്യമായ ലക്ഷ്യമില്ലെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. റൊളാങ് ബാർതേഷും (Roland Barthes—ഫ്രഞ്ചെഴുത്തുകാരൻ) പ്യേജേയും (Piaget—സ്വിസ്സ് മനഃശാസ്ത്രജ്ഞൻ) മൊണോയുടെ വാദം നിരർത്ഥകമാണെന്നു പറഞ്ഞിട്ടുണ്ട്. 1976-ൽ മൊണോ മരിച്ചു.

ഒഴിഞ്ഞു പോകൂ


Herbert A Giles

ലൗഡ്സുവും (Lao Tzu) ജ്വാങ്ഡ്സുവും (Chuang Tzu) രൂപം കൊടുത്ത ചൈനീസ് തത്വചിന്തയാണ് തൗഇസം (Taoism). ജ്വാങ്ഡ്സുവിന്റെ വിശിഷ്ടമായ ദാർശനികഗ്രന്ഥം അദ്ദേഹത്തിന്റെ പേരു നൽകി ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. (Chuang Tzu— Translated by Herbert A Giles) അതിൽ വർണ്ണിച്ചിട്ടുള്ള ഒരു സംഭവം. ഒരു വള്ളം നദി കടക്കുന്നുവെന്നു വിചാരിക്കൂ. അപ്പോൾ ആളില്ലാത്ത മറ്റൊരു വള്ളം അതിൽ വന്ന് ഇടിക്കാൻ പോകുകയാണ്. പെട്ടെന്ന് ദേഷ്യപ്പെടുന്ന മനുഷ്യനും ആ സന്ദർഭത്തിൽ ദേഷ്യപ്പെടില്ല എന്നാൽ രണ്ടാമത്തെ വള്ളത്തിൽ ആരെങ്കിലുമുണ്ടെന്നു കരുതൂ. അപ്പോൾ ആദ്യത്തെ വള്ളത്തിലുള്ളവൻ മാറിപ്പോകാൻ വിളിച്ചു പറയും. മൂന്നു തവണ വിളിച്ചുപറഞ്ഞിട്ടും രണ്ടാമത്തെ വള്ളക്കാരൻ കേട്ടില്ലെങ്കിൽ ചീത്ത വാക്കുകൾ തീർച്ചയായും ഉണ്ടാകും. ആദ്യത്തെ സംഭവത്തിൽ ദേഷ്യമില്ല. രണ്ടാമത്തേതിൽ ദേഷ്യമുണ്ട്. ദേഷ്യമില്ലാത്തതു രണ്ടാമത്തെ വള്ളത്തിൽ ആളില്ലാത്തതുകൊണ്ട്. ദേഷ്യമുണ്ടായതു രണ്ടാമത്തെ വള്ളത്തിൽ ആളുണ്ട് എന്നതിനാലാണ്. ഇതുപോലെതന്നെയാണ് മനുഷ്യന്റെ സ്ഥിതിയും. അവൻ ജീവിതത്തിലൂടെ ശൂന്യനായി അലഞ്ഞുതിരിഞ്ഞാൽ ആർക്ക് അവനെ മുറിവേല്പിക്കാൻ കഴിയും?

ഞാൻ ശൂന്യനായിട്ടല്ല സഞ്ചരിക്കുന്നത്. ഏതാണ്ട് നാൽപത്തഞ്ചു കൊല്ലത്തെ വായനയുണ്ട് എനിക്ക്. മനസ്സ് ആണുങ്ങളെഴുതിയ മാസ്റ്റർപീസുകൾകൊണ്ട് നിറഞ്ഞിരിക്കുന്നു. അത് ഞാൻ തുഴഞ്ഞുവിടുന്ന വള്ളമാണ്. അതിലിടിക്കാൻ ആറ്റക്കോയ പള്ളിക്കണ്ടി “ഡാലിയ” എന്ന വള്ളത്തിൽ കയറി ‘കുമാരി’ എന്ന ജലാശയത്തിലൂടെ വരുന്നു. “ആറ്റക്കോയ പള്ളിക്കണ്ടീ താങ്കളുടെ ഡാലിയ വഞ്ചിക്കു വൈരൂപ്യത്തിന്റെ കനം കൂടുതലാണ്. ഒഴിഞ്ഞുപോകൂ”.

ഒരു മുട്ട

‘പീക്കിങ് ഈവനിങ് ന്യൂസി’ന്റെ എഡിറ്ററായിരുന്നു തെങ് തോ. അദ്ദേഹം ഒരു പഴയ ചൈനീസ് കഥയ്ക്കു വ്യാഖ്യാനം നൽകി. കഥയും വ്യാഖ്യാനവും സംഗ്രഹിച്ചെഴുതാം.

ഒരിക്കൽ ഒരു ദരിദ്രന് ഒരു മുട്ട കളഞ്ഞുകിട്ടി. അതെടുത്തുകൊണ്ടുവന്ന് അയാൾ ഭാര്യയോടു പറഞ്ഞു. ‘നമ്മൾ ഇതുകൊണ്ട് ധനികരാവും പത്തുകൊല്ലത്തിനകം’. ‘അതെങ്ങനെ?’ എന്ന ഭാര്യയുടെ ചോദ്യം. ആയാൾ മറുപടി പറഞ്ഞു: ‘അയൽക്കാരന്റെ കോഴിയെ കടംവാങ്ങി ഞാൻ ഈ മുട്ടയുടെ മേൽ അടയിരുത്തും. കോഴിക്കുഞ്ഞു വളരുമ്പോൾ മുട്ടയിടും. അങ്ങനെ പതിനഞ്ചു കോഴിക്കുഞ്ഞുങ്ങൾ ഓരോ മാസവും കിട്ടും. ഒടുവിൽ മൂന്നു കൊല്ലംകൊണ്ട് പത്ത് ഔൺസ് വെള്ളിയുണ്ടാക്കിത്തരും നമുക്ക്. പത്ത് ഔൺസ് വെള്ളി കൊണ്ട് അഞ്ചു പശുക്കൾ വാങ്ങാം. മൂന്നു കൊല്ലംകൂടി കഴിയുമ്പോൾ നൂറ്റൻപതു പശുക്കൾ ഉണ്ടാകും. അവയെ വിറ്റാൽ മുന്നൂറു ഔൺസ് വെള്ളി കിട്ടും. അതു നിരതദ്രവ്യമാക്കി അഞ്ഞൂറ് ഔൺസ് വെള്ളിയുണ്ടാക്കാം’. ഇങ്ങനെ പറയുന്നതിനിടയിൽ അയാൾ ഭാര്യയെ അറിയിച്ചു ഒരു വെപ്പാട്ടിയെക്കൂടി സ്വീകരിക്കാൻ പദ്ധതിയുണ്ടെന്ന്. ഭാര്യ അതുകേട്ട് ദേഷ്യപ്പെട്ട് മുട്ടയിൽ ഒരടി. മുട്ട തകർന്നു.

ഇനിയാണ് തെങ്തോയുടെ കമന്റ്. ധനത്തിൽ അത്യാർത്തിയുള്ള അയാൾക്ക് അതാർജ്ജിക്കാൻ കുറേക്കാലം വേണ്ടിയിരുന്നു. പക്ഷേ, വ്യാമോഹത്തിൽപ്പെട്ടാണ് ഓരോന്നും അയാൾ കണക്കുകൂട്ടിയത്. ഭാര്യക്കു ദേഷ്യം തോന്നി. മുട്ടയും സമ്പാദ്യവും തകർത്തതിൽ കുറ്റം പറയാനെന്തിരിക്കുന്നു?

ഇതുവായിച്ച ചൈനീസ് അധികാരികൾ പ്രഖ്യാപിച്ചു: നമ്മുടെ സോഷ്യലിസ്റ്റ് റീകൺസ്ട്രക്ഷൻ പരാജയപ്പെട്ട എന്നാണ് തെങ്തോ സൂചിപ്പിക്കുന്നത്. ഇതു അപകീർത്തികരമാണ്. സോഷ്യലിസ്റ്റ് റീകൺസ്ട്രക്ഷൻ നമ്മൾ പ്രഖ്യാപിച്ചപ്പോൾ തിരുത്തൽ വാദി ക്രൂഷ്ചേവ് ‘നമുക്കു കാത്തിരുന്നു അതിന്റെ വികാസം കാണാം’മെന്നു പറഞ്ഞില്ലേ? നമ്മുടെ Great Leap forward തകർന്നെന്നു തിരുത്തൽ വാദികൾ പ്രഖ്യാപിച്ചില്ലേ? തെങ്തോ ‘വ്യാമോഹത്തിൽപ്പെട്ട്’ എന്നുപറഞ്ഞതു നമ്മുടെ പരാജയത്തെ സൂചിപ്പിക്കാനല്ലേ? അയാൾ ക്രൂഷ്ചേവിനോടൊരുമിച്ച് യുഗ്മഗാനം പാടുകയല്ലേ?

1966-നുശേഷം തെങ്തോയെ ആരും കണ്ടില്ല. ജനയുഗം വാരികയിൽ മലയാറ്റൂർ രാമകൃഷ്ണനെഴുതിയ ‘തത്തമ്മ’ എന്ന സറ്റയർ വായിച്ചപ്പോൾ ഞാൻ ഈ യഥാർത്ഥ സംഭവം ഓർമ്മിച്ചുപോയി. മലയാറ്റൂരിനും എനിക്കും സർക്കാറിനെ വിമർശിക്കാൻ ധൈര്യം നൽകുന്ന ജനാധിപത്യവ്യവസ്ഥയാണല്ലോ ഇവിടെയുള്ളത്.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു അയയ്ക്കുക.